# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

27.01.2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 216

### പിൽഗ്രിം സർക്യൂട്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിൽഗ്രിം സർക്യൂട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) & ബി) & സി) & ഡി) | പിൽഗ്രിം സർക്യൂട്ട് പദ്ധതി എന്ന പേരിൽ ടൂറിസം വകുപ്പിന് പദ്ധതികൾ നിലവിലില്ല. എന്നാൽ വിവിധ മത വിഭാഗങ്ങളുടെ പ്രധാനപ്പെട്ട തീർത്ഥാടക കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതുവഴി കൂടുതൽ തീർത്ഥാടക ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ വിവിധ മതസ്ഥരുടെ ചരിത്ര പ്രാധാന്യമുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്ത മൾട്ടി ഫെയ്ത്ത് ടൂർ എന്ന പേരിൽ ഒരു ടൂർപാക്കേജിന് കെ.ടി.ഡി.സി രൂപം നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്ന പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പാക്കുന്നുണ്ട്. അർത്തുങ്കൽപള്ളി, ബീമാപള്ളി, ചോറ്റാനിക്കര ദേവീക്ഷേത്രം, ആറ്റുകാൽ ദേവീ ക്ഷേത്രം എന്നിവിടങ്ങളിൽ പണിത തീർത്ഥാടന വിശ്രമ കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമാണ്. ഈ കേന്ദ്രങ്ങളിൽ തീർത്ഥാടകർക്ക് വിശ്രമത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗ്രീൻ ടൂറിസം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ വിവിധ മതങ്ങളുടെ ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കിക്കൊണ്ട് തീർത്ഥാടക ടൂറിസം |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| സി) | പ്രസ്തുത പദ്ധതിയനുസരിച്ച് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | | |

... 2

വികസനത്തിനുള്ള നടപടികൾ
സ്വീകരിച്ചു വരുന്നു. മൾട്ടി
ഫെയ്ത്ത് ടൂർ പാക്കേജിൽ ആദ്യ
ഘട്ടമായി കാലടിയിലെ ശങ്കരമഠം,
കൊടുങ്ങല്ലൂരിലെ ചേരമാൻ
മസ്ജിദ്, വല്ലാർപാടത്തെ
ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂത
സിനഗോഗ് എന്നിവയെ
കോർത്തിണക്കിക്കൊണ്ട് ഒരു
ദിവസത്തെ ടൂറിനാണ് രൂപം
നൽകിയിരിക്കുന്നത്. കെ.ടി.ഡി.സി
യാണ് മൾട്ടി ഫെയ്ത്ത് ടൂർ
പാക്കേജ് നടപ്പാക്കുന്നത്

സെക്ഷൻ ഓഫീസർ